# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 06/10/ 2019

## ഓച്ചിറ കാളകെട്ട് ഉൽസവവുമായി ബന്ധപ്പെട്ട് നടത്തിയിരിക്കുന്ന ഗതാഗത ക്രമീകരണങ്ങളും ആയതിനോടനുബന്ധിച്ചുള്ള പോലീസ് ബന്ധവസ്സ് നടപടികളും

കൊല്ലം : 08.10.2019 ൽ ഓച്ചിറ പരബ്രഹ്മ ക്ഷേത്ര സന്നിധിയിലേക്ക് കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകളിൽ നിന്നായി 50-ഓളം വലിയ കെട്ടുകാളകൾ ഉൾപ്പെടെ 200 ഓളം കെട്ടുകാളകൾ അണിനിരക്കുന്നതിനാൽ ആയത് മൂലം നാഷണൽ ഹൈവേ ഉൾപ്പെടെയുള്ള പ്രധാന റോഡുകളിൽ ഇനി പറയും പ്രകാരമുള്ള ഗതാഗത നിയന്ത്രണങ്ങൾ 08.10.2019 ഉച്ചയ്ക്ക് 12 മണി മുതൽ ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നു.

നാഷണൽ ഹൈവേയിൽ തിരുവനന്തപുരം ഭാഗത്തുനിന്നും എറണാകുളം ഭാഗത്തേക്ക് തെക്കുനിന്നും വടക്കോട്ട് പോകുന്ന ചരക്ക്ലോറികൾ, ടാങ്കർലോറികൾ, ട്രയിലർ വാഹനങ്ങൽ എന്നിവ കൊട്ടിയം ജംഗ്ഷനിൽ നിന്നും വലത്തോട്ട് തിരിഞ്ഞ് കണ്ണനല്ലൂർ, കുണ്ടറ, കല്ലട, ഭരണിക്കാവ്, ചക്കുവള്ളി ചാരുമൂട്, മാവേലിക്കര, നങ്ങ്യാർകുളങ്ങര വഴി ഹൈവേയിൽ പ്രവേശിക്കേതും, വലിയ ചരക്ക് വാഹനങ്ങൽ ഒഴികെയുള്ള വാഹനങ്ങൾ ചവറ കെ.എം.എം.എൽ ജംഗ്ഷനിൽ നിന്നും വലത്തോട്ട് തിരിഞ്ഞ് കാരാളിമുക്ക്, ശാസ്താംകോട്ട, ഭരണിക്കാവ്, ചക്കുവള്ളി, ചാരുംമൂട്, കായംകുളം വഴിയും, കെഎസ്.ആർ.റ്റി.സി ഉൾപ്പെടെയുള്ള യാത്രാ വാഹനങ്ങൾ കരുനാഗപ്പള്ളി പുതിയകാവ് ജംഗ്ഷനിൽ നിന്നും വലത്തോട്ട് തിരിഞ്ഞ് അരമത്തുമഠം, ചക്കുവള്ളി, ചാരുംമൂട്, കായംകുളം വഴിയും പോകേണ്ടതാണ്.

എറണാകുളം ഭാഗത്തുനിന്നും തിരുവനന്തപുരം ഭാഗത്തേക്ക് വരുന്ന ചരക്ക്ലോറികൾ, ടാങ്കർലോറികൾ, ട്രയിലർ വാഹനങ്ങൽ എന്നിവ നങ്ങ്യർകുളങ്ങരയിൽ നിന്നും ഇടത്തോട്ട് തിരിഞ്ഞ് മാവേലിക്കര, ചാരുംമൂട്, ഭരണിക്കാവ്, കുണ്ടറ, കണ്ണനല്ലൂർ, കൊട്ടിയംവഴി ഹൈവേയിൽ പ്രവേശിക്കേണ്ടതുമാണ്.

കെഎസ്.ആർ.റ്റി.സി ഉൾപ്പെടെയുള്ള യാത്രാ വാഹനങ്ങളും ചെറു വാഹനങ്ങളും കായംകുളത്തുനിന്നും ഇടത്തോട്ട് തിരിഞ്ഞ് ചാരുംമൂട്,ചക്കുവള്ളി, പുതിയകാവ് വഴി ഹൈവേയിൽ പ്രവേശിച്ച് കരുനാഗപ്പള്ളി വഴി തിരുവനന്തപുരം ഭാഗത്തേക്ക് പോകേണ്ടതാണ്.

വവ്വാക്കാവ് മുതൽ കായംകുളം വരെയുള്ള ഹൈവേയുടെ ഇരു വശങ്ങളിലും യാതൊരു കാരണവശാലും വാഹനങ്ങൾ പാർക്ക് ചെയ്യാൻ അനുവദിക്കുന്നതല്ല

കെട്ടുകാളകൾ കടന്നുവരുന്ന എല്ലാ പ്രധാന റോഡുകളിലും അനധികൃത കച്ചവടവും വാഹന പാർക്കിംങ്ങും യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല

വലിയ കെട്ടുകാളകളെ ഉച്ചക്ക് 2 മണിമുതൽ തന്നെ ക്ഷേത്ര മൈതാനിയിലേക്ക് പ്രവേശിപ്പിക്കേതും അവരവർക്ക് അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ നമ്പർ അനുസരിച്ച് നിർത്തിയിടേണ്ടതുമാണ്.

വൈകിട്ട് 6 മണിക്ക് മുമ്പായി തന്നെ മുഴുവൻ കെട്ടുകാളകളും ക്ഷേത്ര കോമ്പൗണ്ടിനുള്ളിൽ പ്രവേശിച്ചു എന്ന് അതാത് കാളകെട്ട് സമിതികൾ ഉറപ്പ് വരുത്തേണ്ടതും, അനാവശ്യമായ ഗതാഗത തടസ്സം ഒഴിവാക്കേണ്ടതുമാണ്. 6 മണിക്ക് ശേഷം കാളകളെ ക്ഷേത്രകോമ്പൗണ്ടിൽ പ്രവേശിപ്പിക്കാതെ ഗതാഗത തടസ്സം ഉണ്ടാക്കുന്ന കാളകെട്ട് സമിതിക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.